# കേരളസർവകലാശാല

നം.പി.ആർ.36/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ജനുവരിയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ (എസ്.ഡി.ഇ. – 2019 അഡ്മിഷൻ – റെഗുലർ, 2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി, 2017 അഡ്മിഷൻ – സപ്ലിമെന്ററി) സ്പെഷ്യൽ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഫ്‌ലൈനായി മാർച്ച് 3 വരെ അപേക്ഷിക്കാം.

കേരളസർവകലാശാല 2021 മെയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ.മലയാളം (റെഗുലർ – 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2018 അഡ്മിഷൻ, സപ്ലിമെന്ററി – 2017 & 2018 അഡ്മിഷൻ – വിദൂരവിദ്യാഭ്യാസം) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2022 മാർച്ചിൽ ആരംഭിക്കുന്ന ബി.ആർക്ക്. (2013 സ്കീം) കമ്പൈൻഡ് ഒന്ന് രണ്ട് സെമസ്റ്റർ, മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല മാർച്ച് 2 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി (സ്പെഷ്യൽ) എൽ.എൽ.ബി. ഡിഗ്രി, സെപ്റ്റംബർ 2021, മാർച്ച് 23 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ യൂണിറ്ററി (സ്പെഷ്യൽ) എൽ.എൽ.ബി., സെപ്റ്റംബർ 2021 എന്നീ പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാല ജനുവരി 17, 18 തീയതികളിൽ തിരുവനന്തപുരം മണക്കാട് നാഷണൽ കോളേജിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 24, 25 തീയതികളിൽ നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ കോവിഡ് കാരണം മാറ്റിവച്ച വൊക്കേഷണൽ മൈക്രോബയോളജി പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 24, 25 തീയതികളിൽ തിരുവനന്തപുരം ഗവ.വിമൻസ് കോളേജിൽ വച്ചും മാർച്ച് 2, 3 തീയതികളിൽ അമ്പലത്തറ നാഷണൽ കോളേജ്, കൊല്ലം എസ്.എൻ.വിമൻസ് കോളേജ് എന്നിവിടങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## റിസർച്ച് പ്രൊപ്പോസലുകൾ സമർപ്പിക്കാം

കേരളസർവകലാശാല എത്തിക്സ് കമ്മിറ്റിയുടെ (University Level Ethics Committee on Research Involving Human Subjects) ഒരു യോഗം 2022 മാർച്ച് 2 ന് 11 മണിക്ക് സർവകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത കമ്മിറ്റിയുടെ പരിഗണക്ക് സമർപ്പിക്കാനുളള റിസർച്ച് പ്രൊപ്പോസലുകൾ 2022 ഫെബ്രുവരി 24 ന് മുൻപായി Ac.E.VI വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2386273 എന്ന നമ്പറിലോ, ace6@keralauniversity.ac.in എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടുക.

## ദേശീയ മാനേജ്മെന്റ് ഡേ – വെബിനാർ

'പ്രക്ഷുബ്ധമായ സമയങ്ങളിൽ തഴച്ചുവളരുക' എന്ന വിഷയത്തിൽ ഐ.എം.കെ. ദേശീയ മാനേജ്മെന്റ് ഡേ വെബിനാർ സംഘടിപ്പിച്ചു. അസിസ്റ്റന്റ് പ്രൊഫസർ ഡോ.എസ്.അമ്പീഷ്മോൻ സ്വാഗതവും ഡോ.മുഹമ്മദ് ഷെരീഫ്, ചെയർമാൻ-ഐ.എസ്.ടി.ഡി, തിരുവനന്തപുരം ചാപ്റ്റർ അദ്ധ്യക്ഷ പ്രസംഗവും നടത്തി. ശരിയായ വൈദഗ്ധ്യവും കഴിവും ഉപയോഗിച്ച് സംഘടനകൾക്ക് അവരെ സ്വീകരിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാൻ വിദ്യാർത്ഥികളോട് അദ്ദേഹം ഉപദേശിച്ചു. പ്രോ-വൈസ് ചാൻസലർ ഡോ.പി.പി.അജയകുമാർ വെബിനാർ ഉദ്ഘാടനം ചെയ്തു. സ്ഥാപനങ്ങളിൽ മാനേജ്മെന്റിന്റെ ആവശ്യകത, അവരെ അലട്ടുന്ന കോവിഡ്-19 പ്രശ്നങ്ങൾ, അവർ എങ്ങനെ അതിജീവിക്കാൻ ശ്രമിക്കുന്നു, കൂടാതെ പ്ലെയ്സ്മെന്റുകൾ ഉറപ്പാക്കാൻ വിദ്യാർത്ഥികൾ എന്തൊക്കെ നേടണം എന്നിവയെക്കുറിച്ച് സംസാരിച്ചു. ശ്രീ. നരേഷ്കുമാർ പിന്നസെട്ടി, (പ്രസിഡന്റ് എച്ച്.ആർ. ദീപക് ഫെർട്ടിലൈസേഴ്സ് ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ്, പൂനെ) മുഖ്യ പ്രഭാഷണം നടത്തി. ശരിയായ കഴിവുകളുടെ ആവശ്യകത, വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കാനുള്ള കഴിവുകൾ, നൈപുണ്യ ആവർത്തനം മനസ്സിലാക്കൽ, മാറ്റവുമായി പൊരുത്തപ്പെടൽ, റിസ്ക് എടുക്കുന്നവർ, നേതൃത്വഗുണങ്ങൾ ഉറപ്പാക്കൽ എന്നിവയെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. തുടർച്ചയായ പഠനം, സ്വയം മനസ്സിലാക്കൽ, വളർച്ചയുടെ മാനസികാവസ്ഥ എന്നിവയുടെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. പരാജയങ്ങളിൽ നിന്ന് പഠിക്കാനും, വിജയം പ്രകടനത്തിന് അതീതമാണെന്നും അദ്ദേഹം വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ VUCA (അസ്ഥിരവും അനിശ്ചിതവും സങ്കീർണ്ണതയും അവ്യക്തവും) പരിതസ്ഥിതി BANI (പൊട്ടുന്നതും ഉത്കണ്ഠയുള്ളതും രേഖീയമല്ലാത്തതും മനസ്സിലാക്കാൻ കഴിയാത്തതും) ആയി മാറുകയാണെന്ന് അദ്ദേഹം പറഞ്ഞു. എച്ച്.ഒ.ഡി. ഡോ.കെ.എസ്.ചന്ദ്രശേഖർ വിഷയാധിഷ്ഠിത പ്രസംഗം നടത്തുകയും കാലഘട്ടത്തിന്റെ ആവശ്യമായ സ്റ്റാർട്ടപ്പ് സംസ്കാരം ഉറപ്പാക്കാൻ വിദ്യാർത്ഥികളോട് അഭ്യർത്ഥിക്കുകയും ചെയ്തു. ഗവേഷകരുടെയും വിദ്യാർത്ഥികളുടെയും ചർച്ചകൾക്ക് ശേഷം ഐ.എം.കെ.യിലെ ഫാക്കൽറ്റി ഡോ.സിമി എസ്.വി. നന്ദി പറഞ്ഞു.

## കേരളസർവകലാശാല:
## ശാസ്ത്രി ഇൻഡോ കനേഡിയൻ ഇന്റർനാഷണൽ വെബിനാർ

പാരിസ്ഥിതികസുസ്ഥിരതയും സമഗ്രതയും: എന്താവണം നമ്മുടെ ദൃഷ്ടികേന്ദ്രം എന്ന വിഷയത്തെ അധികരിച്ച് ശാസ്ത്രി ഇൻഡോകനേഡിയൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ധനസഹായത്തോടുകൂടി കേരളസർവകലാശാല സോഷ്യോളജിവിഭാഗം ഇന്റർനാഷണൽ വെബിനാർ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 24 ന് കേരളസർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.)വി.പി.മഹാദേവൻപിളള വെബിനാർ ഉദ്ഘാടനം ചെയ്യും. പ്രശസ്ത പരിസ്ഥിതി പ്രവർത്തക വന്ദന ശിവ മുഖ്യപ്രഭാഷണം നടത്തും. പ്രസ്തുത ചടങ്ങിന് ക്യാമ്പസ് ഡയറക്ടറും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള വിഭാഗം മേധാവിയും ആയ പ്രൊഫ.(ഡോ.)കെ.എസ്.ചന്ദ്രശേഖർ ആദ്ധ്യക്ഷ്യം വഹിക്കും. ശാസ്ത്രി ഇൻഡോകനേഡിയൻ ഇൻസ്റ്റിട്യൂട്ട് വൈസ് പ്രസിഡന്റ് പ്രൊഫ.(ഡോ.) ബി.ഹരിഹരൻ, സിൻഡിക്കേറ്റ് അംഗം പ്രൊഫ.(ഡോ.) ഗോപ്ചന്ദ്രൻ കെ.ജി. എന്നിവർ ആശംസയർപ്പിക്കും.

വെബിനാർ ഓർഗനൈസർ പൊഫ.(ഡോ.) സന്ധ്യ ആർ.എസ്. ചടങ്ങിന് സ്വാഗതവും, പൊഫ.(ഡോ.) പുഷ്പം കൃതജ്ഞതയും അർപ്പിക്കും. തുടർന്നുവരുന്ന മൂന്നു ദിവസങ്ങളിൽ പ്രശസ്ത പരിസ്ഥിതിഗവേഷകനും മഹാത്മാഗാന്ധി സർവകലാശാല പ്രോ–വൈസ് ചാൻസലറുമായ പ്രൊഫ.(ഡോ.)സി.റ്റി. അരവിന്ദകുമാർ, പ്രശസ്ത പരിസ്ഥിതിപ്രവർത്തക മേധാ പട്കർ, വിൽഫ്രഡ്‌ലോറിയർ സർവകലാശാല അദ്ധ്യാപികയും പരിസ്ഥിതിഗവേഷകയുമായ റ്റെറാസ് പോർട്ടെൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഫെബ്രുവരി 27 ന് വെബിനാർ സമാപിക്കും.

**തിരുവനന്തപുരം,**
**21.02.2022.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**


**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**